പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 754 — 11.06.2014-ലെ മറുപടിക്ക്

## എം.ബി.ബി.എസ് സീറ്റുകളുടെ എണ്ണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജെയിംസ് മാത്യു | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് സർക്കാർ മെഡിക്കൽ കോളേജുകളിൽ നിലവിൽ എം.ബി.ബി. എസിന് എത്ര സീറ്റുകൾ വീതമാണുള്ള തെന്ന് വ്യക്തമാക്കുമോ; | എ) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ് കോഴ്സിന് നിലവിലുള്ള സീറ്റുകളുടെ എണ്ണം താഴെപ്പറയുന്നു.<br>തിരുവനന്തപുരം -- 200<br>ആലപ്പുഴ -- 150<br>കോട്ടയം -- 150<br>തൃശൂർ -- 150<br>കോഴിക്കോട് -- 250<br>മഞ്ചേരി -- 100<br>എറണാകുളം -- 100<br>ആകെ -- 1100 |
| ബി) ആൾ ഇന്ത്യാ മെഡിക്കൽ കൗൺസി ലിന്റെ അംഗീകാരം ഇല്ലാത്ത ഏതെങ്കിലും മെഡിക്കൽ കോളേജുകൾ സംസ്ഥാനത്ത് ഉണ്ടോ; | ബി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ മെഡിക്കൽ കോളേജുകൾക്കെല്ലാം തന്നെ ആൾ ഇന്ത്യാ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ഉണ്ട്. |
| സി) ഓരോ മെഡിക്കൽ കോളേജിലും ഇപ്പോഴുള്ള എം.ബി.ബി.എസ് സീറ്റുകളുടെ എണ്ണം മെഡിക്കൽ കൗൺസിലിന്റെ അംഗീകാരമില്ലാതെ കുറയ്ക്കേണ്ടി വന്ന സാഹചര്യം നിലവിലുണ്ടോ? | സി) സർക്കാർ മെഡിക്കൽ കോളേജുകളിൽ നിലവിലുള്ള എല്ലാ എം.ബി.ബി.എസ് സീറ്റുകൾക്കും ആൾ ഇന്ത്യാ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ഉണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിൽ നിലവിലുണ്ടായിരുന്ന 200 സീറ്റുകൾക്കു പുറമേ പുതിയതായി അനുവദിച്ച 50 സീറ്റുകൾക്കും മഞ്ചേരി മെഡിക്കൽ കോളേജിൽ പുതിയ അധ്യയന വർഷത്തേക്കു വേണ്ട 100 എം.ബി.ബി.എസ് സീറ്റുകൾക്കുമായുള്ള അംഗീകാരത്തിനു വേണ്ടി മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ പരിശോധന പൂർത്തിയായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ